# ജാതി-ലിംഗസമതയും നാടോടി നാടകങ്ങളും

ജനസാമാന്യത്തിന്റെ മനസ്സിൽ നിന്ന് ഉരുവം കൊണ്ടവയാണ് നാടൻകലകൾ. പ്രാചീന ജനജീവിതത്തിന്റെ ആത്മാവുപേറുന്ന ഇവ കലാമേന്മ കൊണ്ട് ആധുനികരെയും അതിശയിപ്പിക്കുന്നു. ഇവയിൽ അവതരണസവിശേഷത കൊണ്ടും പ്രമേയഗരിമ കൊണ്ടും വേറിട്ടു നില്ക്കുന്നവയാണ് നാടോടി നാടകങ്ങൾ. നാട്യശാസ്ത്രപ്രകാരമുള്ള അഭിനയ സങ്കേതങ്ങൾക്കനുസൃതമായി അവതരിപ്പിക്കുന്നവയല്ലെങ്കിലും നൃത്ത നൃത്യ നാട്യങ്ങളുടെ സവിശേഷതകൾ ഇവയിൽ കണ്ടെത്താം. പ്രമേയപരമായി തികച്ചും ലൗകികങ്ങളായവ, ദേവതാപ്രീണനപരം, മദ്ധ്യവർത്തികളായവ എന്നിങ്ങനെ ഇവയെ വിഭജിക്കാമെങ്കിലും ഭൂരിഭാഗം നാടോടി നാടകങ്ങളും അനുഷ്ഠാനപരമോ ദേവതാംശം ഉൾക്കൊള്ളുന്നവയോ ആണെന്നു കാണാം. ഇവയിൽ വലിയൊരു വിഭാഗവും ആര്യേതരമായ വിവിധ ജാതി വർഗ്ഗങ്ങളാണ് അവതരിപ്പിച്ചു വന്നത്. ചില സമുദായങ്ങളിൽ ഇത്തരം കലകൾ കുലത്തൊഴിലായി മാറിയിട്ടുള്ളതും കാണാം. തെയ്യം, പൂരക്കളി, നീലിയാട്ടം, തീയാട്ട്, കോതാമൂരിയാട്ടം, വണ്ണാൻകൂത്ത്, ഐവർകളി എന്നീ നാടൻ കലകൾ പ്രത്യേക ജാതി - വർഗ്ഗങ്ങളുടെ കലയായിട്ടാണ് മാറിയിട്ടുള്ളത്.

### നാടോടി നാടകങ്ങൾ - വർഗ്ഗീകരണം

ആരാധനാപരമായ ധർമ്മം മാത്രമല്ല ഉർവ്വരതാനുഷ്ഠാന (fertility rites) പരം, ഗർഭബലി ഉച്ചാടനം, മാന്ത്രിക കർമ്മം, ദുർദ്ദേവതോച്ചാടനം തുടങ്ങി വ്യത്യസ്ത ധർമ്മങ്ങൾ ഇവയ്ക്കുണ്ട്. ചില നാടകങ്ങൾ

ഉത്സവാഘോഷങ്ങളുമായി ബന്ധപ്പെട്ടും അവതരിപ്പിച്ചു വരുന്നു. കാർഷികരംഗത്തെ കൊയ്ത്തുത്സവം, കറ്റമെതിക്കൽ, വിളവിറക്കൽ എന്നീ സന്ദർഭങ്ങളിൽ കാളവേല, കതിർവേല, കോതാമൂരിയാട്ടം എന്നീ നാടൻ കാലാരൂപങ്ങൾ അവതരിപ്പിച്ചു കാണുന്നു. ഇത്തരം നാടോടി നാടകങ്ങളുടെ ഇതിവൃത്തം ഐതിഹ്യങ്ങളിൽ നിന്നോ പുരാണങ്ങളിൽ നിന്നോ ആകാറുണ്ട്. എങ്കിലും സാധാരണ ജനങ്ങൾക്ക് ആശയഗ്രഹണത്തിന് പ്രയാസമൊന്നും ഉണ്ടാകാറില്ല. ഇവിടെ പ്രേക്ഷകരായ ജനങ്ങൾ വെറും കാഴ്ചക്കാർ മാത്രമല്ല കലാനിർവ്വഹണത്തിൽ ഭാഗഭാക്കാകുകയും ചെയ്തിരുന്നു. തെയ്യം, തിറ, പടയണി, മുടിയേറ്റ് എന്നീ കലകളിൽ നർത്തകരും പ്രേക്ഷകരും തമ്മിലുള്ള ബന്ധം എപ്രകാരമുള്ളതായിരുന്നുവെന്ന് അവയുടെ ഇന്നത്തെ അവതരണം കൊണ്ടും മനസ്സിലാക്കാൻ സാധിക്കും. 'ദേവത'യായി ആടുന്ന നർത്തകന്റെ മുമ്പിൽ 'ജനം' അവരുടെ ദുരിതങ്ങളും ദുഃഖങ്ങളും ആവശ്യങ്ങളും നിവേദനം ചെയ്യുമ്പോൾ ദേവതയുടെ പ്രതിനിധിയായ നർത്തകൻ പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതുകാണാം. പൊതുജനവികാരമാണ് അവിടെ ആവിഷ്കൃതമാകുന്നത്.

ഫോക്‌ലോർ വർഗ്ഗീകരണത്തിന്റെ ആദ്യഘട്ടത്തിൽ നാടോടി സംസ്കാരത്തിന് ഉന്നതപാരമ്പര്യമെന്നും നീചപാരമ്പര്യമെന്നും രണ്ടു വിധമുണ്ടായിരുന്നു. 'സംസ്കാരത്തിന് പൊതുവേ ഉന്നതപാരമ്പര്യമെന്നും നിമ്നപാരമ്പര്യമെന്നും രണ്ടു വിഭാഗം കല്പിക്കാറുള്ളതുപോലെ പുരാവൃത്തസഞ്ചയത്തിനും രണ്ട് ധാരകളുണ്ട്. ഉന്നതപാരമ്പര്യത്തിൽപ്പെട്ടവയെ അധിത്യപുരാവൃത്തം (ഹയർ മിത്ത്) എന്നും നിമ്നപാരമ്പര്യത്തിൽ പ്പെട്ടവയെ ഉപത്യപുരാവൃത്തം (ലോവർ മിത്ത്) എന്നും പറയുന്നു' ഫോക്‌ലോർ വിജ്ഞാനീയത്തിന്റെ ആദ്യഘട്ടങ്ങളിൽ ഇപ്രകാരമുള്ള ഉച്ചനീചപുരാവൃത്തങ്ങളെയും സംസ്കാരങ്ങളെയും വേർതിരിച്ചു ശേഖരിക്കുന്ന രീതി നിലനിന്നിരുന്നു. പില്ക്കാലത്ത് ഇവയിൽ സമാനാംശങ്ങൾ കാണുകയും ഇവ തീർത്തും സമാന്തരധാരകളല്ലെന്ന് വ്യക്തമാകുകയും ചെയ്തു. ഉച്ചപുരാവൃത്തങ്ങളെന്നു കല്പിക്കപ്പെട്ടവ ശാസ്ത്രീയാടിത്തറയുള്ളവയും അനുഷ്ഠാനപരവുമായിരുന്നു. എന്നാൽ ആരാധനാപരമായ ധർമ്മം മാത്രമല്ല, ഉർവ്വരതാനുഷ്ഠാനപരം, ഗർഭബലി ഉച്ചാടനം, മാന്ത്രികകർമ്മം, ദുർദ്ദേവതോച്ചാടനം തുടങ്ങി വ്യത്യസ്തധർമ്മങ്ങൾ കേന്ദ്രീകരിച്ചു കൂടി ഉള്ളവയായിരുന്നു നീചമെന്നു കണക്കാക്കപ്പെട്ട നാടോടി കലാരൂപങ്ങൾ.

ഇതിൽനിന്നും ഉച്ചപുരാവൃത്തങ്ങളോടനുബന്ധിച്ചുണ്ടായ കലകൾ വരേണ്യജനതയിൽ നിന്നും നീചപുരാവൃത്തജന്യമായ കലകൾ അധഃകൃത ജനവിഭാഗത്തിൽനിന്നും ഉത്ഭവിച്ചവയുമാണെന്ന് വ്യക്ത മാണ്. പൊതുവേ കാലാവസ്ഥയ്ക്കനുഗുണമായിട്ടാണ് നാടൻ കലകൾ അവതരിപ്പിക്കപ്പെടുന്നത്. മറ്റു ചിലവ ഉത്സവാഘോഷങ്ങളുമായും ബന്ധപ്പെട്ടു കാണുന്നു. നീചപുരാവൃത്തത്തിൽ ഉൾപ്പെടുന്നവയെന്നു കരുതാവുന്ന കലാരൂപങ്ങളുടെ അവതരണമായിരുന്നു. കൂടുതൽ ജനകീ യമായി മാറിയത്. സമൂഹത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾ അവരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനായും കാർഷിക രംഗത്തെ കൊയ്ത്തുത്സവം, കറ്റമെതിക്കൽ, വിളവിറക്കൽ എന്നീ സന്ദർഭങ്ങളി ലും കാളവേല, കതിർവേല, കോതാമൂരിയാട്ടം എന്നിങ്ങനെ നിരവധി യായ നാടൻ കലാരൂപങ്ങൾ അവതരിപ്പിച്ചു പോന്നു. ആര്യന്മാലാനാ ടകം, കാക്കാരിശ്ശി നാടകം, ആണ്ടിക്കളി, ആടിവേടൻ, കലിയനാട്ടം, കാർക്കോടത്തിയാട്ടം എന്നിങ്ങനെ നിരവധി നാടോടി നാടകങ്ങ ളും വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് പണ്ടുകാലത്ത് യഥേഷ്ടം അവതരിപ്പിച്ചു പോന്നു. ഈ നാടോടി നാടകങ്ങൾ സാധാരണക്കാ രായ മനുഷ്യരുടെ കലാപരമായ വാസനകളുടെ ബഹിർസ്ഫുരണങ്ങ ളായി തെളിഞ്ഞു നില്ക്കുന്നതോടൊപ്പം ജാതി നിരാസത്തിന്റെയും ലിം ഗസമത്വത്തിന്റെയും കൂടി തെളിവുകളായി നിലകൊള്ളുന്നു.

ജാതി - ലിംഗസമത നാടോടി നാടകങ്ങളിൽ

പുരാണേതിഹാസങ്ങളിലെ കഥാസന്ദർഭങ്ങളെ ലൗകികജീവിത പരിസരങ്ങളോടു ബന്ധിപ്പിച്ചുള്ള പുനഃസൃഷ്ടിയാണ് നാടോടി നാടക ങ്ങളുടെ അവതരണത്തിൽ കണ്ടുവരുന്നത്. പുരാണേതിഹാസങ്ങളിലെ ശിവശക്തിദ്വന്ദ്വങ്ങൾ ലൗകികജീവിതത്തിൽ ഭാര്യാഭർതൃബന്ധത്തിന്റെ ഉത്തമമാതൃകയായി വീക്ഷിച്ചുപോന്നു. അതുകൊണ്ടു തന്നെ നിരവധി നാടോടി നാടകങ്ങളുടെ കേന്ദ്രപ്രമേയം ശിവപാർവ്വതിമാരുടെ പുരാണ പ്രസിദ്ധങ്ങളായ ജീവിത സന്ദർഭങ്ങളെ നിത്യജീവിതത്തിലെ വൈവി ദ്ധ്യമാർന്ന ദാമ്പത്യപ്രമേയങ്ങളുമായി ബന്ധപ്പെടുത്തിയുള്ളവയാണെ ന്നു കാണാം. ദാമ്പത്യത്തിന്റെ ഉത്തമ മാതൃകയെന്ന നിലയിലും ലിംഗ സമതയുടെ പരകാഷ്ഠയെന്ന നിലയ്ക്കും ശിവശക്തിബിംബങ്ങൾ നാടോടി നാടകങ്ങൾക്ക് സവിശേഷ ശ്രദ്ധയണയ്ക്കുന്നു. കേരളത്തിലെ പ്രസിദ്ധ മായ നിരവധി നാടോടി നാടകങ്ങളുടെയും കഥാതന്തുവായി ശിവശക്തി ദ്വന്ദ്വം കണ്ടെത്താൻ കഴിയും. സ്ത്രീയെന്ന പ്രകൃതിയെയും ശിവനെന്ന

സംരക്ഷകനെയും കുടുംബമെന്ന പ്രസ്ഥാനത്തിന്റെ പ്രതിനിധാനമായി കാണാൻ പ്രേരണ നൽകുന്ന കഥകളാണ് നാടോടി നാടകങ്ങളിലുള്ളത്. 'ശിവപുരാണത്തിൽ' പരാമർശിതമായിട്ടുള്ള കഥാസന്ദർഭങ്ങളിൽ നിന്നെടുത്തിട്ടുള്ളതാണ് മിക്ക നാടോടിനാടകങ്ങളുടെയും പ്രമേയങ്ങൾ. കാക്കാരിശ്ശി നാടകം, ആര്യന്മാലാ നാടകം, ആണ്ടിവേല, ആര്യവേടൻ, കലിയനാട്ടം, കാർക്കോടത്തിയാട്ടം എന്നീ ചില നാടകങ്ങൾ മാത്രം ഇവിടെ ചർച്ച ചെയ്യുന്നു.

### കാക്കാരിശ്ശി നാടകം

തെക്കൻകേരളത്തിൽ തിരുവിതാംകൂർ പ്രദേശങ്ങളിൽ പ്രചരിച്ചിട്ടുള്ള ഒരു നാടോടിനാടകമാണിത്. കൊല്ലം, ആലപ്പുഴ, തിരുവനന്തപുരം, ജില്ലകളിലെ ഗ്രാമങ്ങളിൽ ആണ് ഇത് അവതരിപ്പിച്ചിരുന്നത്. തൃശ്ശൂർ ജില്ലയിലെ ചില പ്രദേശങ്ങളിലും മുമ്പ് കാക്കാരിശ്ശി നാടകം നടത്തിയിരുന്നതായി തെളിവുകളുണ്ട്. ഏതാണ്ട് 300 കൊല്ലത്തെ പഴക്കമേ ഇതിന് കണക്കാക്കുന്നുള്ളൂ. ക്ഷേത്രോത്സവങ്ങളിലെ വിനോദപരിപാടിയായാണ് ഇത് പ്രധാനമായും അവതരിപ്പിച്ചിരുന്നത്. ശിവരാത്രി, മീനഭരണി, തിരുവോണം എന്നീ വിശേഷ ദിവസങ്ങളിൽ ക്ഷേത്രാങ്കണങ്ങളിൽ കാക്കാരിശ്ശി നാടകം അരങ്ങേറിയിരുന്നു. കാക്കാലച്ചി നാടകം, കാക്കാല നാടകം, കാക്കാചരിതം, കാക്കാരു കളി എന്നീ പേരുകളിൽ ഈ നാടകം അറിയപ്പെട്ടിരുന്നു. ഈ പേരുകൾ സൂചിപ്പിക്കുന്നത് കേരളത്തിലുണ്ടായിരുന്ന കാക്കാലൻ എന്ന ഒരു പട്ടികജാതി വിഭാഗത്തെയാണ്. ശ്രീപരമശിവൻ കാക്കാലനായും പാർവ്വതി കാക്കാലത്തിയായും വേഷം മാറി ഭൂമിയിൽ ചുറ്റിനടന്ന കാലത്തെ കഥയാണ് കാക്കാരിശ്ശി നാടകത്തിലെ പ്രതിപാദ്യ വിഷയം. ശിവപുരാണവുമായി ബന്ധപ്പെട്ട ഐതിഹ്യമാണിതിൽ പരാമർശിക്കുന്നത്.

ഭൂമിയിൽ ജനജീവിതം തിന്മയിൽ മുങ്ങിയിരിക്കുന്നതാണ് കഥാസന്ദർഭം. നാരദൻ ഇതിനൊരു പരിഹാരം തേടി കൈലാസത്തിലെത്തുന്നു. പ്രശ്നപരിഹാരത്തിനായി ശിവൻ ഭൂമിയിൽ അവതരിക്കുകയും ചെയ്യുന്നു. ശിവൻ കാക്കാലനും പാർവ്വതിയും, ഗംഗയും കാക്കാലത്തിമാരുമായി വേഷപ്രച്ഛന്നരായി ഭൂമിയിലെത്തുന്നു. അലഞ്ഞു നടന്ന കാക്കാലൻ കാക്കാലത്തിമാരെക്കണ്ട് അവരെ പരിണയിക്കുകയും ചെയ്യുന്നു എന്നാണ് കഥ. ചെങ്ങന്നൂർ ക്ഷേത്രത്തിന്റെ ഉല്പത്തിയുമായി ബന്ധപ്പെട്ടും ശിവപാർവ്വതിമാരുടെ കഥപറഞ്ഞു കേൾക്കുന്നുണ്ട്. പരസ്പരം സംപൃക്തരായ, ശിവശക്തികളെ സുസ്ഥിരദാമ്പത്യത്തിന്റെ

പ്രതീകമായാണ് പണ്ടുമുതൽക്കേ വ്യവഹരിച്ചുപോരുന്നത്. സ്ത്രീ പുരുഷൈക്യത്തിന്റെയും ജാതി തൊഴിൽ അംഗീകാരത്തിന്റെയും വിശാലമായ കാഴ്ചപ്പാടുകൾ ഇത്തരം നാടോടി നാടകങ്ങളിലൂടെ പങ്കുവെയ്ക്കുന്നു. മൃദംഗം, ഇലത്താളം, ഗഞ്ചിറ, ഹാർമോണിയം തുടങ്ങിയ വാദ്യോപകരണങ്ങൾ ഈ കലാരൂപത്തിൽ ഉപയോഗിക്കുന്നു. സമൂഹത്തിലെ കൊള്ളരുതായ്മകൾക്കെതിരെയുള്ള പരിഹാസങ്ങൾ കാക്കാരിശ്ശി നാടകം ഉൾക്കൊള്ളുന്നു.

കാർക്കോടത്തിയാട്ടം

ഉർവ്വരദേവതയാണ് 'കാർക്കോടത്തി'. കാട്ടാള സ്ത്രീവേഷധാരിയായ പാർവ്വതീദേവിയുടെ സങ്കല്പമാണിത്. ഈതിബാധകളകറ്റുക, പകർച്ചവ്യാധികൾ ഇല്ലാതാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. വണ്ണാൻ എന്ന പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന സമുദായക്കാരാണിത് നടത്തുക. പാണ്ഡവരുടെ വനവാസകാലത്ത് അർജ്ജുനൻ ശിവനെ തപസ്സുചെയ്യുതും പരമശിവൻ കാട്ടാളനായും പാർവ്വതി കാട്ടാളത്തിയായും പ്രത്യക്ഷപ്പെടുന്നതുമാണ് ഇതിലെ ഇതിവൃത്തം. ശിവശക്തി സങ്കല്പങ്ങളിലൂടെ വിശാലമാകുന്ന സ്ത്രീപുരുഷസമതയും കാർക്കോടത്തിയാട്ടത്തിന്റെ അവതരണത്തിലെ കീഴ്ജാതി പങ്കാളിത്തവും എടുത്തു പറയേണ്ട സവിശേഷതകളാണ്. പ്രാചീന കേരളത്തിന്റേതായ നാടോടി നാടകങ്ങളിൽ ഭൂരിഭാഗവും ലിംഗൈക്യത്തിന്റെയും ആദിവാസി- കീഴാള പ്രാതിനിധ്യത്തിന്റെയും ശക്തമായ ദൃഷ്ടാന്തങ്ങൾ പ്രതിഫലിപ്പിക്കുന്നവയാണെന്നു കാണാൻ കഴിയും.

കലിയനാട്ടം.

ഉത്തര കേരളത്തിലെ ഒരനുഷ്ഠാനകലയാണിത്. കണ്ണൂർ, തളിപ്പറമ്പ് താലൂക്കുകളിൽ ബാധോച്ചാടനപരമായ കർമ്മങ്ങളോടനുബന്ധിച്ചാണ് കലിയനാട്ടം അവതരിപ്പിക്കപ്പെടുന്നത്. കോഴിക്കോട് ജില്ലയിൽ ഉർവ്വരതാപൂജ (fertility rites) യുമായി ബന്ധപ്പെട്ട ഒരനുഷ്ഠാനമായായണ് ഇത് അവതരിപ്പിച്ചിരുന്നത്. ഉർവ്വരത എന്ന സങ്കല്പം മാതൃത്വവുമായും സൃഷ്ടിയുമായും ബന്ധപ്പെട്ടിരിക്കുന്നു. മാതൃബിംബത്തെയും അതിലൂടെ സ്ത്രൈണമായ ശക്തിയേയുമാണ് ഇതിൽ ആരാധിക്കുന്നത്.

കലിയൻ എന്ന ദേവതയുടെ കോലമാണ് ഇതിൽ കെട്ടിയാടുന്നത്. കലിയന്റെ കോലത്തിനൊപ്പം കലിച്ചി എന്ന ദേവതയുടെ കോലവും ചിലയിടങ്ങളിൽ കാണാം. ഇവയും ശൈവ സങ്കല്പങ്ങളുമായി

ബന്ധപ്പെട്ടവയാണ്. ഭൂമിയിലെ കുട്ടികൾക്കും, കൃഷിക്കും കാലികൾക്കും അസുഖങ്ങളും നാശനഷ്ടങ്ങളുമുണ്ടാക്കുന്ന ദുർദേവതകളാണ് കലിയന്മാരെന്ന് പുലയ സമുദായം വിശ്വസിക്കുന്നു. അതിനാൽ ഈ ദോഷോച്ചാടനങ്ങൾക്കായാണ് കലിയനാട്ടം അവതരിപ്പിക്കപ്പെടുന്നത്. പുലയ സമുദായത്തിന് ഈ നാടകാവതരണത്തിൽ ലഭിച്ചിരുന്ന പ്രാധാന്യം സൂചിപ്പിക്കുന്ന വരികൾ കലിയനാട്ടത്തിന്റെ പാട്ടിലുണ്ട്.

'തറവാട്ടിൽ കാരണോര്
മാരിശ്ശനിയൊഴിയോനേ
എന്തോന്നുവേണ്ടീതിപ്പോൾ
അന്നേരം പറയുന്നല്ലോ
രാശി കണക്കുകാരൻ
ഇരുപത്തെട്ടാം നാളായിട്ട്
കലിയനാട്ടം ആടിക്കണം.
ആരെക്കൊണ്ടാടിക്കേണം
പുലയരെക്കൊണ്ടാടിക്കേണം'.

എന്നിങ്ങനെ. എന്നാൽ പാണന്മാരുടെയും മുന്നൂറ്റാന്മാരുടെയും സങ്കല്പത്തിൽ കലിയന്മാർ ഉർവ്വരതാദേവതകളാണ്. കർക്കിടകമാസത്തിലാണ് കലിയനാട്ടത്തിന്റെ അവതരണം. പ്രഖ്യാപിതമായ ജാതി, അസ്പൃശ്യതകൾ കലയിൽ അലിഞ്ഞില്ലാതെയാകുന്ന മുഹൂർത്തങ്ങൾ കാണാനാവുക ഇത്തരം നാടോടി കലാരൂപങ്ങളിലാണ്

ആര്യമ്മാലാനാടകം

പ്രാചീന കേരളത്തിലെ തന്നെ അതിപ്രചാരം സിദ്ധിച്ചിരുന്ന മറെറാരു നാടോടി നാടകമാണ് ആര്യമ്മാലാ നാടകം. ശിവനെ പരീക്ഷിച്ച പാർവ്വതി ശാപമേറ്റ് ഭൂമിയിലെത്തി ഗംഗാതീരത്ത് കാമാക്ഷിയെന്നപേരിൽ തപസ്സനുഷ്ഠിക്കുന്നു. പാർവ്വതിയുടെ ശുശ്രൂഷയ്ക്കായി ശിവൻ കാത്തവരായൻ എന്ന ചൈതന്യത്തെ സൃഷ്ടിക്കുന്നു. കാത്തവരായൻ ഒരു ദിവസം ആര്യമ്മാല എന്ന കന്യകയെക്കണ്ട് മോഹിക്കുന്നതും അമ്മ കാമാക്ഷിയുടെ സമ്മതത്തോടെ പറയവേഷം സ്വീകരിച്ച് തന്നെ വേൾക്കാൻ അവളോടപേക്ഷിക്കുകയും ചെയ്യുന്നു. സംഭാഷണവും നൃത്തച്ചുവടുകളും ചേർന്ന നാടോടി നാടകമാണിത്. തമിഴ്കലർന്ന ഭാഷയാണിതിൽ ഉപയോഗിക്കുന്നത്.

ഈ നാടകത്തിലും ദാമ്പത്യബന്ധത്തിലെ ഇണക്കങ്ങളും പിണക്കങ്ങളും കെട്ടുറപ്പുമെല്ലാം പ്രകടമാണ്. ശിവനെ പരീക്ഷിച്ച പാർവ്വതി

ശാപഗ്രസ്തയായിഭൂമിയിലെത്തുന്നുവെങ്കിലും ശിവൻതന്നെ പാർവ്വതീ ശുശ്രൂഷയ്ക്കായി തന്റെ ചൈതന്യത്തിൽ നിന്ന് കാത്തവരായനെന്ന ചൈതന്യത്തെ സൃഷ്ടിച്ചു നൽകുന്നു. ഇത് ദാമ്പത്യത്തിലനുഷ്ഠിച്ചിരുന്ന സ്ത്രീപുരുഷസമത്വത്തിന്റെയും ദൃഢപ്രണയത്തിന്റെയും തെളിവുകളായി നിലനിൽക്കുന്നു.

ആടിവേടൻ

ഉത്തരകേരളത്തിലെ കണ്ണൂർ, കാസർകോഡ് പ്രദേശങ്ങളിൽ പ്രചാരത്തിലുള്ള ഒരു അനുഷ്ഠാനകലയാണിത്. വളപട്ടണം പുഴയ്ക്കും ചന്ദ്രഗിരിപ്പുഴയ്ക്കും ഇടയ്ക്കുള്ള പ്രദേശങ്ങളിൽ അവതരിപ്പിച്ചുവരുന്നു. ഇതിന് 'വേടനാട്ടം' എന്നും പേരുണ്ട്. വേടൻ ശിവന്റെ കിരാതസങ്കല്പമായി കണക്കാക്കപ്പെടുന്നു. ഈ നാടോടി നാടകത്തിൽ വേഷം കെട്ടുന്നത് മലയരയരും പെരുവണ്ണാൻ സമുദായക്കാരുമാണ്. അവരുടെ പാരമ്പര്യമായ ഒരനുഷ്ഠാന കലകൂടിയാണ്. നൃത്തപ്രധാനമായ ഈ നാടകത്തിന്റെ പാട്ടിൽ ശിവപാർവ്വതീകഥയാണ് പ്രമേയം. ശിവൻ കാട്ടാളനായും പാർവ്വതി കാട്ടാളത്തിയായും വേഷമെടുത്ത് കാട്ടിൽ നടന്ന പുരാണകഥയാണ് ഇതിനവലംബം. നാടിനും നാട്ടാർക്കും കന്നുകാലികൾക്കുമൊക്കെ രോഗങ്ങളും വ്യാധികളും ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യമാണ് ഇതിനുള്ളത്. ഇതിലെ വേഷവിധാനങ്ങളും ശ്രദ്ധേയമാണ്. മുഖത്തു പച്ച, തലയിൽ മരം കൊണ്ടുണ്ടാക്കിയ നാലായി മടക്കിയ സ്വർണ്ണവർണ്ണമാർന്ന മുടി. കൈയിൽ കുടമണി എന്നീ ഭൂഷകളുമായാണ് ആടിവേടന്റെ പുറപ്പാട്. കന്നുകാലികളുടെ സുസ്ഥിതിയിലൂടെ ഗൃഹൈശ്വര്യവും കുടുംബത്തിന്റെ കെട്ടുറപ്പും തന്നെയാണ് ഈ നാടൻ കലാവതരണത്തിന്റെയും ലക്ഷ്യം. (ശിവപാർവ്വതിമാരുടെ അവതരണത്തിലൂടെ) മുൻചൊന്ന മറ്റു നാടോടി നാടകങ്ങളിലേതുപോലെലിംഗ സമതയും ആദിവാസികളുടെ പങ്കാളിത്തത്തിലൂടെ ജാതീയമായ പരിഗണനയും സാക്ഷാത്കരിക്കുന്നു.

മേല്പറഞ്ഞ നാടോടി നാടകങ്ങളിലെല്ലാം ജാതി ലിംഗസമത്വം ഊട്ടിയുറപ്പിക്കുന്നതരത്തിലാണ് കലാവതരണവും പ്രമേയവും നിലകൊള്ളുന്നത്. ദേവതയായി ആടുന്ന നടന്റെയോ നടിയുടെയോ മുന്നിൽ ജനം അവരുടെ ദുരിതങ്ങളും ദുഃഖങ്ങളും ആവശ്യങ്ങളും നിവേദനം ചെയ്യുമ്പോൾ അവയ്ക്ക് ദേവതാപ്രതിനിധിയായ അവർ പരിഹാരനിർദ്ദേശം നല്കുന്നതും പതിവായിരുന്നു. പൊതുജനവികാരമാണ് ഇവിടെ ആവിഷ്കൃതമാക്കുന്നത്. ഈ നാടോടി നാടകങ്ങളുടെ

അവതരണത്തിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ അക്കാലത്തെ അടിസ്ഥാന ജനവിഭാഗങ്ങൾ വിനോദത്തിനായി ഉപയോഗിച്ചിരുന്നവയാണ് ചെണ്ട, പറ, മദ്ദളം, തുടി, ഇലത്താളം, ചേങ്ങില മുതലായവ ഇതിൽച്ചിലതാണ്. ഉടുക്കും ഓട്ടുകിണ്ണവുമെല്ലാം താളാവിഷ്കരണത്തിനായി ഉപയോഗിച്ചിരുന്നതിന് തെളിവുകളുണ്ട്.

മലയസമുദായത്തിൽപ്പെട്ടവരുടെ ഒരനുഷ്ഠാന നർത്തനമായ ദേവകന്നിക്കൂത്തും കണ്ണൂർ ജില്ലയിലെ കരിമ്പാലർക്കിടയിൽ നിലവിലുള്ള കന്നികെട്ട് എന്ന കലാവതരണവും നാടകീയത കലർന്നതാണ്. കോഴിക്കോട് ജില്ലയിൽ പാണൻ, മുന്നൂററാൻ എന്നീ സമുദായക്കാർ നടത്തുന്ന തെയ്യാട്ട് ഒരു ഗർഭബലികർമ്മമാണ്. ഭദ്രകാളി, ചാമുണ്ഡി, ഗന്ധർവ്വൻ, ഭൈരവൻ, പിള്ളതിന്നി, കുട്ടിച്ചാത്തൻ, കരുകലക്കി എന്നീ ദേവതകളുടെ കോലങ്ങൾ കെട്ടിയാടുക എന്നത് തെയ്യാട്ടിന്റെ പ്രത്യേകതയാണ്. കണ്ണൂർ ജില്ലയിലെ മലയർ നടത്തുന്ന ഗർഭബലികർമ്മമാണ് മലയൻ കെട്ട്. ഇവയിലെല്ലാം നാടകീയത കലർന്ന അനേകം ചട്ടങ്ങളും അനുഷ്ഠാനങ്ങളും കാണാൻ കഴിയും. ആര്യേതര ദൈവസങ്കൽപത്തിൽപ്പെട്ട ദേവതകളാണ് തെയ്യാട്ടിൽ കെട്ടിയാടുന്നത്. മേല്പറഞ്ഞ കോലങ്ങളെല്ലാം ബ്രാഹ്മണേതരമായ ഒരു ആരാധനാരീതി കേരളത്തിൽ നിലനിന്നിരുന്നതിന്റെ ശക്തമായ സാക്ഷ്യങ്ങളായി നിലകൊള്ളുന്നു. ഉത്തരകേരളത്തിലെ മലയർ അവതരിപ്പിക്കാറുള്ള കോതാമൂരിയാട്ടവും പുലയർ കന്നൽ കളംപാട്ടെന്ന ഗർഭബലി കർമ്മത്തോടനുബന്ധിച്ച് നടത്താറുള്ള ചിമ്മാനക്കളിയും വിനോദപരമായ നാടൻകലാവതരണങ്ങളാണ്. കൊല്ലം ജില്ലയിലെ കുറവ സമുദായത്തിന്റെ സീതകളിയും ഉത്തരകേരളത്തിലെ കരിമ്പാലരുടെ സീതകളിയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നവതന്നെ.

നാടൻകലകളെല്ലാം നമ്മുടെ സംസ്കാരത്തിന്റെ തന്നെ ഉപലബ്ധികളാണ്. നവീനതയുടെ കടന്നുകയറ്റം പഴമയുടെ ആചാരവിശ്വസങ്ങളെ ഏറെ പിന്നിലാക്കിയെങ്കിലും നാടൻ കലകളും സംസ്കാരവും പിന്നിട്ട നമ്മുടെ മഹത്തായ സംസ്കാരത്തിന്റെ ഈടുവയ്പുകളായി എക്കാലവും നിലനിൽക്കുന്നു. പരിഷ്കൃതരെന്ന് സ്വയം അവകാശപ്പെടുന്ന ഇന്നത്തെ സമൂഹത്തിൽ ദിനം പ്രതി വർദ്ധിച്ച വരുന്ന ജാതി സ്പർദ്ധകളും സ്ത്രീ-ശിശു ആക്രമണങ്ങളും പ്രാചീനമായ കെട്ടുറപ്പുള്ള നമ്മുടെ സംസ്കാരത്തിൽ നിന്നും നാമെത്തിച്ചേർന്ന പതനം എത്ര ആഴത്തിലുള്ളതാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ആഗോളവൽക്കരണത്തിന്റേതായ

ബാഹ്യമായ എല്ലാ കടന്നുകയറ്റങ്ങളും അനുവദിച്ചുകൊണ്ട് എല്ലാത്തിനോടും കൂടുതൽ ഉദാരസമീപനം കാഴ്ചവെയ്ക്കുമ്പോൾ നഷ്ടപ്പെടുന്നത് നിലനില്പിന്റെ ആധാരം തന്നെയായ കുടുംബവും പ്രകൃതിയും തന്നെയാണ്. ഈ സത്യം തിരിച്ചറിയാൻ വൈകിപ്പോകുന്ന ദൃഷ്ടാന്തങ്ങളാണ് ഇന്നുള്ളത്. ആദിവാസി സമൂഹങ്ങൾക്കിടയിൽ ഇന്നും നിലനിൽക്കുന്ന സ്ത്രീപുരുഷസമത്വവും ലിംഗസമത്വത്തിന്റെ സാമൂഹിക നിയമങ്ങളും ആധുനിക സമൂഹങ്ങൾക്ക് ഇന്നും മാതൃകയാണ്. പ്രകൃതിക്കും ആത്മീയതയ്ക്കും മനസ്സുതുറന്നുള്ള വിനോദോപാധികൾക്കും മുൻഗണന നല്കിയിരുന്ന ആദിമ ജനതയുടെ നിഷ്കളങ്കമായ ഉല്ലാസമാർഗ്ഗങ്ങൾ നാടോടി വിജ്ഞാനീയത്തിലെ ചരിത്രമായി മാത്രം അവശേഷിക്കുന്നത് ഭാവിയെക്കുറിച്ചുള്ള നമ്മുടെ ഉൽക്കണ്ഠകൾ വർദ്ധിപ്പിക്കുന്നതേയുള്ളൂ.

സഹായഗ്രന്ഥങ്ങൾ

1. നാട്ടരങ്ങ് വികാസവും പരിണാമവും - ജി ഭാർഗ്ഗവൻ പിള്ള FP - 2000 കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
2. ഫോക്‌ലോർ - രാഘവൻ പയ്യനാട്.
3. നാടോടി വിജ്ഞാനീയം - ഡോ. എം.വി വിഷ്ണു നമ്പൂതിരി, FP -1996, ഡി.സി.ബുക്സ്.
4. കേരളീയതയുടെ നാട്ടറിവ് - ഫോക്‌ലോർ ത്രൈമാസിക - പുറാട്ട് - നാട്ടറിവ് പഠന കേന്ദ്രം.
5. ഫോക്‌ലോർ പഠനം : ഇന്നലെ ഇന്ന് - ഡോ. രാഘവൻ പയ്യനാട്.
6. ഫോക്‌ലോർ നിഘണ്ടു - ശശിധരൻ ക്ലാരി.
7. നാടൻകലകൾ നാടൻപാട്ടുകൾ - ഡോ. എം.വി.വിഷ്ണു നമ്പൂതിരി, പൂർണ്ണപബ്ലിഷേഴ്സ്, വർഷം 2008.

രോഷ്നി കെ ലാൽ,
അസിസ്റ്റന്റ് പ്രൊഫസർ,
കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്,
പുല്ലൂറ്റ്, കൊടുങ്ങല്ലൂർ.
Email: roshnikla l310@gmail.com